പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **2692** — **27.01.2014** ൽ മറുപടിക്ക്

കടലാക്രമണ പ്രതിരോധ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
| (എ) | കടലാക്രമണ പ്രതിരോധത്തിനായി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കടലാക്രമണ പ്രതിരോധത്തിനായി കടൽ ഭിത്തിയുടെയും പുലിമുട്ടുകളുടെയും നിർമ്മാണവും പരിപാലനവും നടത്തിവരുന്നു. ഇതിനുള്ള രൂപകൽപ്പന തയ്യാറാക്കുന്നതിനായി ഐ.ഐ.ടി., സി.ഡബ്ല്യു.പി.ആർ.എസ്സ് (സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ) തുടങ്ങിയ സ്ഥാപനങ്ങളുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. കേരളത്തിന്റെ പ്രത്യേകതകളായ ഭൂമിയുടെ വിസ്തൃതിക്കുറവും, കായലുകളും, കടലും ചേർന്നു സ്ഥിതി ചെയ്യുന്ന സാഹചര്യവും മറ്റും കണക്കിലെടുക്കുമ്പോൾ കടൽഭിത്തി നിർമ്മാണം ഏറ്റെടുക്കേണ്ടി വരുന്നു. തീരദേശത്ത് തിരമാലകളുടെ പ്രത്യേകതകളും കടലാക്രമണ പ്രതിരോധത്തിനു വേണ്ട രൂപകല്പന തയ്യാറാക്കുന്നതിനുള്ള വിവരങ്ങളും ശേഖരിക്കുന്നതിനായി ജലസേചന വകുപ്പിന്റെ രൂപ കല്പന വിഭാഗത്തിന്റെ കീഴിൽ പ്രത്യേക യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | കടൽത്തീരങ്ങളുടെ സംരക്ഷണവും ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷയൊരുക്കലുമാണ് ഇതുവഴി ലക്ഷ്യമിടുന്നത്. |
| (സി) | എന്തെല്ലാം തരത്തിലുള്ള ധനസഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി പ്രയോജനപ്പെടുത്തുന്നത്; വിശദമാക്കുമോ; | (സി) | കടലാക്രമണ നിരോധന പ്രവർത്തനങ്ങൾക്ക് സംസ്ഥാന ബഡ്ജറ്റിലുള്ള വിഹിതം കൂടാതെ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെയുള്ള പദ്ധതികൾ, ധനകാര്യ കമ്മീഷന്റെ സഹായം, നബാർഡിന്റെ ധനസഹായം ഇവ സ്വീകരിക്കുന്നുണ്ട്. |
| (ഡി) | പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം എന്നറിയിക്കുമോ? | (ഡി) | ഉണ്ട്.<br>കേന്ദ്ര ഗവൺമെന്റ് 13-ാം ധനകാര്യ കമ്മീഷൻ പ്രകാരം 2010-15 കാലയളവിലേയ്ക്ക് 100 കോടി രൂപ അനുവദിച്ചു. നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി 60.27 കോടി രൂപ ലഭിച്ചിട്ടുണ്ട്. സംസ്ഥാന ഫണ്ടിൽ ഉൾപ്പെടുത്തി 2013-14 വർഷത്തിൽ 15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ